# കേരള വനം വകുപ്പ്

## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സുരേന്ദ്രകുമാർ ഐ.എഫ്.എസ്.**

വിഷയം: വനം വകുപ്പ് - ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവം, 2019-20 - ശബരിമല സന്നിധാനത്തും പമ്പയിലും വനം വകുപ്പിന്റെ കൺട്രോൾ റൂം സ്ഥാപിക്കാനുള്ള അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്- സംബന്ധിച്ച്.

## നടപടി ഉത്തരവ് നമ്പർ ഡി2-5715/2019, തീയതി : 26.10.19

2019-20-ലെ ശബരിമല മണ്ഡലപൂജ - മകരവിളക്ക് ഉത്സവകാലത്ത് വനം വകുപ്പിന്റെ ഭാഗത്തുനിന്നും അവശ്യം വേണ്ടുന്ന ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേറ്ററെ നിയമിക്കേണ്ടതുണ്ട്. കൂടാതെ ശബരിമല സന്നിധാനത്തും പമ്പയിലും ഫോറസ്റ്റ് കൺട്രോൾ റൂമുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ഉത്സവകാലത്ത് സന്നിധാനത്തും പമ്പയിലും പ്രവർത്തിക്കുന്ന ദേവസ്വം, പോലീസ്, ആരോഗ്യം, ജലവിഭവം, ഭക്ഷ്യ-പൊതുവിതരണം, ഫയർ & റെസ്ക്യൂ എന്നിങ്ങനെയുള്ള വിവിധ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും വനം-വന്യജീവി പരിപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ഫോറസ്റ്റ് കൺട്രോൾറൂമുകൾ സ്ഥാപിക്കുന്നത്. കൺട്രോൾറൂമുകളുടെ കർത്തവ്യങ്ങൾ പ്രധാനമായും ചുവടെ ചേർക്കുന്നു.

1. വനപാതകളിൽ തീർത്ഥാടകരുടെ ജീവനും, ഗതാഗതത്തിനും ഭീഷണിയാകാവുന്ന ഉണങ്ങിയ മരങ്ങളും അപകടാവസ്ഥയിലുള്ള വൃക്ഷ ശിഖരങ്ങളും യഥാസമയം നീക്കം ചെയ്യുക.
2. പോലീസ് വകുപ്പുമായി ചേർന്ന്, കാനന പാതയിൽ രാത്രിയിലും അസമയത്തും ഉള്ള യാത്ര ഒഴിവാക്കാനും വന്യമൃഗങ്ങളുടെ ആക്രമണസാധ്യത കുറക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. നിരോധിക്കപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക് കവറുകളും കുപ്പികളും വന പ്രദേശത്തേയ്ക്കു കൊണ്ടുപോകുന്നതും പ്ലാസ്റ്റിക് മാലിന്യങ്ങൾ വനത്തിനുള്ളിൽ ഉപേക്ഷിക്കുന്നതും തടയുക; ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുന്നുവെന്നു ഉറപ്പുവരുത്തുക.
4. തീർത്ഥാടകർക്ക് പരമ്പരാഗത പാതയിൽ ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുക.
5. വനാതിർത്തിക്കുള്ളിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇ.ഡി.സി. കൾ നടത്തുന്ന ഭക്ഷണശാലകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും, ന്യായവിലയും ഉറപ്പുവരുത്തുക.
6. തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന പരമ്പരാഗത കാനന പാതയിലെ സൗകര്യങ്ങളും പരിശുദ്ധിയും ഉറപ്പുവരുത്തുക.

7. ശബരിമല വനങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമായി തീ കൂട്ടുന്നതും, മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയുക.
8. കാർഡിയോളജി സെന്റർ പ്രവർത്തിക്കുന്നതിന് ഉപയോഗിക്കുന്ന വനം വകുപ്പു വക കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും മേൽനോട്ടം വഹിക്കുക.
9. വനത്തിനുള്ളിൽ അവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ താൽക്കാലിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുക.
10. പമ്പ-സന്നിധാനം, എരുമേലി-പമ്പ, ഉപ്പുപാറ-പാണ്ടിത്താവളം എന്നീ കാനന പാതകളിലും ശബരിമല വനങ്ങളിലും, ശബരിമല ഉത്സവ മേഖലയിൽ വരുന്നതും റാന്നി, കോട്ടയം ഡിവിഷനുകളിലും പെരിയാർ ടൈഗർ റിസർവ്വിലും ഉൾപ്പെടുന്ന വനഭാഗങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുക.
11. അഗ്നിബാധയോ, അപകടങ്ങളോ ഉണ്ടാകുന്നപക്ഷം സ്ഥലത്ത് ലഭ്യമാകുന്ന ഇ.ഡി.സി/വി.എസ്.എസ്. പ്രവർത്തകരെയും സ്റ്റാഫിനെയും ഏകോപിപ്പിച്ച് പ്രതിരോധ/ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12. വനത്തിൽ നിന്നും കഴകൾ, വിറക്, മുള, ഈറ്റ, ചെറുകിട വനവിഭവങ്ങൾ എന്നിവ അനധികൃതമായി ശേഖരിക്കുന്നതും, വനത്തിനുള്ളിൽ വ്യാജവാറ്റ് നടത്തുന്നതും, കാനന പാതകളിലെ കടകളുടെയും ഭക്ഷണശാലകളുടെയും സമീപം ഖരമാലിന്യങ്ങൾ ഉപേക്ഷിക്കുന്നതും തടയുക.
13. തീർത്ഥാടകർക്ക് വനം-വന്യജീവി പരിപാലനത്തിന്റെ മഹത്വം ബോദ്ധ്യമാകുന്ന തരത്തിലുള്ള ഏറ്റവും നല്ല സേവനം നൽകുക.
14. പെരിയാർ വെസ്റ്റ്/ഈസ്റ്റ്, കോട്ടയം, റാന്നി ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നും ശബരിമല ഉത്സവകാലത്ത് ഉത്സവമേഖലയിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള വനം വകുപ്പു ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ മേൽനോട്ടം വഹിക്കുക.
15. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നി/കോട്ടയം, ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്) ഈസ്റ്റ്/വെസ്റ്റ് എന്നിവരുമായി കൃത്യമായ ആശയ വിനിമയം നടത്തുക.
16. ശബരിമല തീർത്ഥാടന മേൽനോട്ടത്തിനായി വനം വകുപ്പ് നിയോഗിക്കുന്ന സ്റ്റേറ്റ് കോ-ഓർഡിനേറ്റർ നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.
17. തീർത്ഥാടക നിയന്ത്രണത്തിനും വനം-വന്യജീവി സംരക്ഷണത്തിനും വേണ്ടുന്ന പ്രവർത്തനങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികൃതരുമായുള്ള ഏകോപനം നിർവ്വഹിക്കുക.

മേൽപ്പറഞ്ഞ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി വനം വകുപ്പിന്റെ കൺട്രോൾ റൂമുകൾ 15.11.2019 മുതൽ സംസ്ഥാനതല കോ ഓർഡിനേറ്ററുടെ മേൽ നോട്ടത്തിൽ ചുവടെ ചേർക്കുന്ന ക്രമത്തിൽ പ്രവർത്തിക്കുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ, പ്രോജക്റ്റ് ടൈഗർ, കോട്ടയം 2019-20 വർഷത്തെ ശബരിമല ഉത്സവകാലത്ത് വനം വകുപ്പിന്റെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതാണ്. യഥാസമയം കൺട്രോൾ റൂം പ്രവർത്തനം

തുടങ്ങുന്നതിനായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ നിയമനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക, മാർഗ്ഗനിർദ്ദേശം നൽകുക, അത്യന്താപേക്ഷിതമായ സാഹചര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുക മുതലായവ സംസ്ഥാനതല കോ-ഓർഡിനേറ്ററുടെ ചുമതലയാണ്.

ഒരു അസിസ്റ്റന്റ് കൺസർവേറ്ററുടെ നേതൃത്വത്തിലായിരിക്കും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുക. ഒരു കൺട്രോൾ റൂം ചെറിയനാവട്ടത്തും രണ്ടാമത്തേത് സന്നിധാനത്തിലുമായിരിക്കും പ്രവർത്തിക്കുക. കൺട്രോൾ റൂമിന്റെ നടത്തിപ്പു ചുമതല റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കായിരിക്കും. ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെയും 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെയും സേവനം ഓരോ കൺട്രോൾ റൂമിലും ഉണ്ടായിരിക്കും. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ ചുവടെ ചേർക്കുന്ന ക്രമത്തിൽ ലഭ്യമാക്കുന്നതാണ്.

| സേവന കാലം | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ |
|---|---|---|---|---|---|
| | | പമ്പ | സന്നിധാനം | | |
| 15.11.2019 to 24.11.2019 | ശ്രീ. ഐ.എസ്.സുരേഷ് ബാബു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, O/o അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വിജിലൻസ്, തിരുവനന്തപുരം. | ശ്രീ. രതീഷ്.റ്റി., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വർക്കിംഗ് പ്ലാൻ, പുനലൂർ. | ശ്രീ.ശശികുമാരൻ നായർ.എ.കെ., സെൻട്രൽ നേഴ്സറി, കുളത്തുപ്പുഴ. | പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ നിന്നും രണ്ടുപേർ. | ഇടുക്കി ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്/ മൂന്നാർ, കോട്ടയം ഡിവിഷനു കളിൽ നിന്നും ആറു വീതവും കോന്നി ഡിവിഷനിൽ നിന്ന് നാലു വീതവും ഇടുക്കി ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, ഇടുക്കി വൈൽഡ്ലൈഫ് ഡിവിഷൻ, ഇരവികുളം നാഷണൽ പാർക്ക് ഡിവിഷനു കളിൽ നിന്നും രണ്ടുപേർ വീതവും ബീറ്റ് |
| 25.11.2019 to 04.12.2019 | ശ്രീ. ജയചന്ദ്രൻ നായർ.ബി., അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, എക്സ്റ്റൻഷൻ, എറണാകുളം | ശ്രീ. സനുഷ്.എ.എൽ, വർക്കിംഗ് പ്ലാൻ റെയിഞ്ചർ - II, അച്ചൻകോവിൽ | ശ്രീ.അശോക്.എ.എസ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കോന്നി ഡിപ്പോ. | കോട്ടയം ഫോറസ്റ്റ് ഡിവിഷനിൽ നിന്നും രണ്ടുപേർ. | |
| 05.12.2019 to 14.12.2019 | ശ്രീ. സജീവ് കുമാർ. ജെ.പി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി., കൊല്ലം. | ശ്രീ. സജികുമാർ.കെ, ഫോറസ്റ്റ് ഇന്റലിജൻസ് സെൽ, തിരുവനന്തപുരം. | ശ്രീ. ആനന്ദ്.ആർ., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, എഫ്.എം.ഐ.എസ്., തിരുവനന്തപുരം. | പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും രണ്ടുപേർ. | |

| | | | | | |
|---|---|---|---|---|---|
| | | | | | ഫോറസ്റ്റ് ഓഫീസർ മാരെ ആറു ഘട്ടങ്ങളി ലായി അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ നിയോഗിക്ക ണം |
| 15.12.2019 to 31.12.2019 | ശ്രീ. രാജീവൻ.എം., അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), വയനാട്. | ശ്രീ.ലിബിൻ ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (സോഷ്യൽ ഫോറസ്ട്രി), പുനലൂർ. | ശ്രീ.ഹരി.എസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (സോഷ്യൽ ഫോറസ്ട്രി), പീരുമേട്. | കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും രണ്ടുപേർ. | |
| 01.01.2020 to 10.01.2020 | ശ്രീ.കെ.സജി, വർക്കിംഗ് പ്ലാൻ ഓഫീസർ, അച്ചൻകോവിൽ | ശ്രീ. പി.കെ.രാജേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, പുനലൂർ. | ശ്രീ. അജിത്കുമാർ.ആർ, ഇക്കോ റെയിഞ്ച്, പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്. | ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും രണ്ടുപേർ. | |
| 11.01.2020 to 17.01.2020 | ശ്രീ.എച്ച്.റ്റി.ജോസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി., അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം. | ശ്രീ.അരവിന്ദ് ബാലകൃഷ്ണൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സോഷ്യൽ ഫോറസ്ട്രി, ആറ്റിങ്ങൽ. | ശ്രീ.അജയകുമാർ.ജി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (ഫ്ളൈയിംഗ് സ്ക്വാഡ്), പുനലൂർ. | കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും രണ്ടുപേർ. | |

ഉത്സവ ഡ്യൂട്ടിക്കായി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെയും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും തിരഞ്ഞെടുക്കുമ്പോൾ, ടി ഡ്യൂട്ടിയ്ക്ക് അനുയോജ്യരായ ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത് എന്നുള്ള കാര്യം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും, നടത്തിപ്പ് ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ വെസ്റ്റുമായി കൂടിയാലോചനകൾ നടത്തി പ്രവർത്തിക്കേണ്ടതാണ്. ഉത്സവ കാലത്ത് ഡ്യൂട്ടിയ്ക്കായി വിവിധ സ്ഥലങ്ങളിൽ നിന്നും നിയമിച്ചിട്ടുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതും, പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ടി ജീവനക്കാരെ വിവിധ സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി വിന്യസിച്ച് വിവരം കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, നടത്തിപ്പ് ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ വെസ്റ്റ്, ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം എന്നിവരെ യഥാസമയം അറിയിക്കേണ്ടതുമാണ്.

പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് ഡിവിഷനിൽ നിന്ന് ഒരു ജീപ്പ് ചെറിയനാവട്ടത്തെ കൺട്രോൾ റൂമിലേക്ക് 15.11.2019 മുതൽ 18.01.2020 വരെ ഡ്രൈവർ സഹിതം നൽകേണ്ടതാണ്. ഒരു കംപ്യൂട്ടർ, പ്രിന്റർ, ഫാക്സ്, ഇന്റർനെറ്റ് കണക്റ്റിവിറ്റിയുള്ള ടെലിഫോൺ കണക്ഷൻ എന്നിവയും ഓഫീസ് സ്റ്റേഷനറിയും ഓരോ കൺട്രോൾ റൂമിലും ലഭ്യമാക്കേണ്ടതാണ്.

കൺട്രോൾ റൂമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സ്റ്റാഫും അവർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക മൊബൈൽ ഫോൺ നിർബ്ബന്ധമായും ഉപയോഗിക്കേണ്ടതാണ്. ശബരിമല സ്പെഷ്യൽ ഡ്യൂട്ടിക്കു നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമുള്ള യാത്രാ/ദിനബത്തകൾക്ക് അർഹതയുണ്ടായിരിക്കും.

മുൻകൂർ യാത്രാബത്ത ആവശ്യമുള്ളവർക്ക് അത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ അനുവദിച്ച് നൽകേണ്ടതാണ്.

കൺട്രോൾ റൂമുകളിലേക്ക് കംപ്യൂട്ടറുകളും പ്രിന്ററുകളും ടെലിഫോൺ/ ഇന്റർനെറ്റ് കണക്ടിവിറ്റിയും ഫാക്സ് സൗകര്യവും ലഭ്യമാക്കുന്നതിനും വാഹനങ്ങൾ ഓടിക്കുന്നതിനുമുള്ള ചെലവും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ ഔദ്യോഗിക ആവശ്യത്തിലേക്കായി ഔദ്യോഗിക ഫോണിൽ നിന്നും വനം വകുപ്പിന്റേതല്ലാത്ത ഫോൺ നമ്പരുകളിലേയ്ക്കു വിളിക്കുന്നതിനുള്ള ചെലവും പെരിയാർ ഫൗണ്ടേഷൻ നൽകേണ്ടതാണ്.

പമ്പയിലെ കൺട്രോൾ റൂം ചെറിയനാവട്ടത്തെ വനം വകുപ്പ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്. കൺട്രോൾ റൂമുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് കൺസർവേറ്ററുടെ ഓഫീസ് ഇവിടത്തന്നെയായിരിക്കും. സന്നിധാനത്തെ കൺട്രോൾ റൂം പുതിയ ഫോറസ്റ്റ് ഐ.ബി.യിൽ പ്രവർത്തിക്കും. അസിസ്റ്റന്റ് കൺസർവേറ്റർ, പമ്പയിലെ കൺട്രോൾ റൂമിന്റെ ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കുള്ള താമസസൗകര്യം എൻ.ഇ.സി-യിലെ രണ്ട് റൂമുകളിലായിരിക്കും. അതോടൊപ്പം എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർക്ക് പമ്പ ഐ.ബി-യിൽ താമസസൗകര്യം നൽകുന്നതാണ്. പമ്പ കൺട്രോൾ റൂം സ്റ്റാഫുകളുടെ താമസം വൈൽഡ്ലൈഫ് എൻ.ഇ.സി.യിൽ ആയിരിക്കും. പമ്പ കൺട്രോൾ റൂം ഉദ്യോഗസ്ഥർക്ക് പ്രത്യേക മെസ്സ് എൻ.ഇ.സി-യിൽ പ്രവർത്തിക്കും. സന്നിധാനം കൺട്രോൾ റൂം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് താമസസൗകര്യം പുതിയ ഐ.ബി യിൽ ആയിരിക്കും. മറ്റു സ്റ്റാഫുകളുടെ താമസം അവിടെത്തന്നെ ബാരക്കിലായിരിക്കും. പുതിയ ഐ.ബി.യിൽ കൺട്രോൾ റൂം ഉദ്യോഗസ്ഥർക്കായി മെസ്സ് പ്രവർത്തിപ്പിക്കേണ്ടതാണ്. താമസം, മെസ്സ്, എന്നിവയുടെ ചുമതല ഇ.ഡി.സി കൾക്കായിരിക്കും. ഇതിനുള്ള ചെലവ് ഇ.ഡി.സി. ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. കൺട്രോൾ റൂമുകളിൽ ഓഫീസിന്റെ പേരും കൺട്രോൾ റൂം മേധാവികളുടെ ഫോൺ നമ്പരുകളും, വനം വകുപ്പും ഇ.ഡി.സി-കളും നല്കുന്ന സേവനങ്ങളുടെ വിവരങ്ങളും, ഭക്ഷണസാധനങ്ങളുടെ വിലനിരക്കുകളും വ്യക്തമാക്കുന്ന ബോർഡുകളും പ്രദർശിപ്പിക്കേണ്ടതാണ്. ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും ബോർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവുകൾ പെരിയാർ വെസ്റ്റ് ഇ.ഡി.സി. കോൺഫെഡറേഷൻ നിർവ്വഹിക്കേണ്ടതാണ്.

അതാത് ദിവസത്തെ പ്രധാന സംഭവങ്ങൾ കൺട്രോൾ റൂം മേധാവികൾ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർക്ക് ഇ-മെയിൽ മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഇക്കാര്യങ്ങളിൽ അവശ്യം വേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്ലൈഫ്)&
ചീഫ് വൈൽഡ്ലൈഫ് വാർഡൻ

പകർപ്പ് : ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (കവറിംഗ് ലെറ്റർ സഹിതം.)

ബഹു: വനംവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (കവറിംഗ് ലെറ്റർ സഹിതം)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിനായി.

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും /ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയത്തിന് അറിവിനും അനന്തര നടപടികൾക്കുമായി.

ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട് ടൈഗർ) പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ്/ഈസ്റ്റ് ഡിവിഷനുകൾ.

അഡീഷണൽ ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), തേക്കടി.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം, മൂന്നാർ, റാന്നി, കോന്നി.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ഫ്ളൈയിംഗ് സ്ക്വാഡ്) പുനലൂർ/ ഇടുക്കി.

വ്യക്തികൾക്കും അവരുടെ നിയന്ത്രണാധികാരികൾക്കും.

കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.